# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 222

30.11.2015-ൽ മറുപടിയ്ക്ക്

## മൈക്രോ ഫിനാൻസ്

**ചോദ്യം**

ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.വി.വിജയദാസ്

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ, മൈക്രോ ഫിനാൻസ് സംബന്ധമായി തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന പോലീസ് സംഘമാണ് അന്വേഷണം നടത്തുന്നത്;

(എ) എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശനെതിരെ മൈക്രോ ഫിനാൻസ് തട്ടിപ്പ് നടത്തിയെന്ന പരാതിയന്മേൽ അന്വേഷണം ക്രൈംബ്രാഞ്ച് വിഭാഗം നടത്തി വരുന്നു. തിരുവനന്തപുരം ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു-I പോലീസ് സൂപ്രണ്ട് ശ്രീ.ജി.ശ്രീധരൻ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ശ്രീ.റജി എബ്രഹാം, സബ് ഇൻസ്പെക്ടർമാരായ ശ്രീ.എ.റ്റി. ഹരികുമാർ, ശ്രീ.രാജേഷ് കുമാർ, ശ്രീ.ബോസ് എന്നിവരും, എസ്.സി.പി.ഒ. മാരായ ശ്രീ.ഹരികുമാർ, ശ്രീ.ജോണിച്ചൻ, സി.പി.ഒ. ശ്രീ.പ്രജീവ് എന്നിവരടങ്ങുന്നതാണ് അന്വേഷണ സംഘം. ഇതിനു പുറമെ പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ടായ ഇത്തരത്തിലുള്ള പരാതികൾ അടൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അടൂർ എസ്.ഐ., കോന്നി എസ്.ഐ, പന്തളം അഡീഷണൽ എസ്.ഐ, കൂടൽ അഡീഷണൽ എസ്.ഐ, അടൂർ സി.ഐ. ഓഫീസ് എസ്.ഐ. എന്നിവരും, 3 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ചേർന്ന ഒരു ടീം അന്വേഷിച്ചു വരുന്നു.

(ബി) മൈക്രോ ഫിനാൻസിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര ശതമാനം പലിശയ്ക്ക് നേടിയ തുക എത്ര ശതമാനം അധിക പലിശയ്ക്ക് നൽകി എന്നാണ് പരാതി; വിശദമാക്കാമോ;

(ബി) കേരള പിന്നോക്ക വികസന കോർപ്പറേഷൻ, വിവിധ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ എടുത്ത് കൂടിയ പലിശയ്ക്ക് സംഘങ്ങൾക്കും വ്യക്തികൾക്കും വിതരണം ചെയ്ത് തട്ടിപ്പ് നടത്തി എന്നുള്ളതാണ് പരാതികൾ. എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തത് അവ എത്ര ശതമാനം പലിശയ്ക്കാണ് നൽകിയതെന്ന വിവരം സംബന്ധിച്ച് അന്വേഷണം നടത്തി വരികയാണ്.

| | | |
|---|---|---|
| (സി) | വായ്പ സ്കീകൾ തിരിച്ച് നൽകിയിട്ടും ബാങ്കുകളിൽ അടച്ചിട്ടില്ലെന്ന പരാതിയിലും അന്വേഷണം നടക്കുന്നുണ്ടോ; | (സി) & (ഡി) അന്വേഷണം നടന്നു വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ഇതും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | |
| (ഇ) | അന്വേഷണത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരെല്ലാമാണ്? | (ഇ) ഇത് സംബന്ധിച്ച് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ